ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷം പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് ചെലവഴിച്ച മൊത്തം തുക 8945.17 കോടി രൂപയാണ്. അതിൽ എയ്ഡഡ് മേഖലയ്ക്ക് വേണ്ടി മാത്രം ചെലവഴിച്ച തുക 4977.99 കോടി രൂപയാണ്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് പ്രതീക്ഷിക്കുന്ന മൊത്തം ചെലവായ 10331.06 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

(സി) വകുപ്പുതലവന്മാർ സമർപ്പിച്ച വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം എയ്ഡഡ് മേഖലയിൽ പുതിയ പ്ലസ് ടു സ്കൂളുകളും ബാച്ചുകളും അനുവദിച്ച ഇനത്തിൽ പ്രതീക്ഷിക്കുന്ന അധിക ചെലവ് 148.89 കോടി രൂപയാണ്.

(ഡി) വകുപ്പുതലവന്മാർ സമർപ്പിച്ച വിശദാംശങ്ങൾ പ്രകാരം ഹൈസ്കൂൾതലം വരെയുള്ള സംരക്ഷിത അദ്ധ്യാപകർക്ക് തന്നാണ്ടിൽ വരുന്ന ചെലവ് 106.32 കോടി രൂപയാണ്.

സംസ്ഥാനത്തിന് കിട്ടുന്ന സാമ്പത്തിക സഹായം

129 (469) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷം കേന്ദ്ര ഫിനാൻസ് കമ്മീഷൻവഴി സംസ്ഥാനത്തിന് കിട്ടുന്ന സാമ്പത്തിക സഹായം എത്ര കോടി ആയിരിക്കും ;

(ബി) ഗാഡ്ഗിൽ മുഖർജി ഫോർമുല പ്രകാരം പ്ലാനിംഗ് കമ്മീഷൻവഴി ലഭിക്കുന്ന സഹായം എത്രകോടിയായിരിക്കും ;

(സി) സെൻട്രൽ സ്പോൺസേർഡ് സ്കീമിൽ ലഭിക്കുന്ന സാമ്പത്തിക സഹായം എത്രയായിരിക്കും ;

(ഡി) മേൽപ്പറഞ്ഞവ മുന്നിലും ഇതിനകം എത്ര തുക വീതം ലഭിച്ചിട്ടുണ്ട് ?

(ഇ) ഇവയുന്നും ലഭിക്കുന്നതിലേക്ക് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; ഇതിനു പുറമേ സംസ്ഥാനം പ്രത്യേകമായി

LIBRARY ARCHIVES Kerala Legislative Assembly

എന്തെങ്കിലും സഹായത്തിനായി അപേക്ഷിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം പതിമൂന്നാം ധനകാര്യ കമ്മീഷൻ വിവിധ ഗ്രാന്റിനത്തിൽ 1715.72 കോടി രൂപ സംസ്ഥാനത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കാവുന്ന കേന്ദ്ര നികുതി വരുമാനത്തിന്റെ 2.341 ശതമാനം നികുതി വിഹിതവും സംസ്ഥാനത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേന്ദ്ര സർക്കാരിന്റെ 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാനത്തിനുള്ള നികുതി വിഹിതമായി 8972.51 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷം പ്ലാനിംഗ് കമ്മീഷൻവഴി ഗാഡ്ഗിൽ മുഖർജി ഫോർമുല പ്രകാരം ലഭിക്കുന്ന സഹായം 417.24 കോടി രൂപയാണ്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള ഗ്രാന്റ് ഇനത്തിൽ 2014-15 സാമ്പത്തിക വർഷം 2611.87 കോടി രൂപ പ്രതീക്ഷിക്കുന്നു.

(ഡി) പതിമൂന്നാം ധനകാര്യ കമ്മീഷൻ : ഈ സാമ്പത്തിക വർഷം ഗ്രാന്റിനത്തിൽ 7-11-2014 വരെ 1156.89 കോടി രൂപയും നികുതി വിഹിത ഇനത്തിൽ 3-11-2014 വരെ 5149.28 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

പ്ലാനിംഗ് കമ്മീഷൻ : ഗാഡ്ഗിൽ-മുഖർജി ഫോർമുല പ്രകാരം സെപ്റ്റംബർ 2014 വരെ 203.62 കോടി രൂപ ലഭിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികൾ : കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള കേന്ദ്ര സഹായമായി ആഗസ്റ്റ് 2014 വരെ 237.95 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ഇ) ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള നികുതി വിഹിതം 2014 നവംബർ മാസം വരെയുള്ളത് കൃത്യമായി ലഭിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള ഗ്രാന്റുകൾ മുൻകാലങ്ങളിൽ ലഭിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രവും ഭൗതിക പുരോഗതി റിപ്പോർട്ടും സമർപ്പിക്കുന്നതിനനുസരിച്ചാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ്‌ലവൽ എംപവേർഡ് കമ്മിറ്റി പ്രസ്തുത ഗ്രാന്റുകളുടെ വിനിയോഗം മൂന്നു മാസത്തിലൊരിക്കൽ കൃത്യമായി വിലയിരുത്തുന്നുണ്ട്. പ്രസ്തുത കമ്മിറ്റി വിനിയോഗ

LIBRARY ARCHIVES Kerala Legislative Assembly

സാക്ഷ്യപത്രവും ഭൗതിക പുരോഗതി റിപ്പോർട്ടും സമർപ്പിക്കുന്നതിന് വകുപ്പ് തലവന്മാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പ് തലവന്മാരിൽ നിന്നും പ്രസ്തുത സാക്ഷ്യപത്രങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട മന്ത്രാലയങ്ങൾക്ക് അവ അയച്ചുകൊടുത്ത് സംസ്ഥാനത്തിന് അർഹതപ്പെട്ട ഗ്രാന്റ് നേടിയെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഗാഡ്ഗിൽ-മുഖർജി ഫോർമുല പ്രകാരമുള്ള ധനസഹായം തവണകളായി സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുകയാണ്.

കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ കേന്ദ്ര സഹായം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതനുസരിച്ച് മുൻകൂറായും സംസ്ഥാന സർക്കാരിന് ലഭിച്ചുകൊണ്ടിരിക്കുന്നു. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് യഥാസമയം നൽകുന്നതിന് വകുപ്പ് തലവന്മാർക്ക് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

കേന്ദ്ര വായ്പയിനത്തിൽ 31-3-2014-ലെ കടബാധ്യതയായ 2298 കോടി രൂപ എഴുതിത്തള്ളണമെന്ന് കേന്ദ്ര ധനകാര്യ മന്ത്രിക്ക് മുഖ്യമന്ത്രി നൽകിയ നിവേദനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

സേവനങ്ങളുടെ ഫീസ് വർദ്ധന

130 (470) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകൾക്ക് കീഴിൽ നൽകുന്ന സേവനങ്ങളുടെ യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) നിലവിലുള്ള ചാർജ്ജുകളുടെ എത്ര ശതമാനം വീതം വർദ്ധിപ്പിച്ചിട്ടുണ്ട് ; പ്രസ്തുത വർദ്ധന എന്നു മുതൽ നിലവിൽ വരികയുണ്ടായി ;

(സി) തന്നാണ്ടിലെ ബഡ്ജറ്റിൽ റവന്യൂ റസീറ്റ്സ് (ഹെഡ് ഓഫ് അക്കൗണ്ട് 0051 മുതൽ 1475 വരെ) പ്രതീക്ഷിച്ചത് എത്ര കോടി ആയിരുന്നു ; നിവിഷനോടുകൂടി ഇത് തന്നാണ്ടിന് എത്ര കോടിയായി വർദ്ധിക്കും ;

(ഡി) 2015-16 സാമ്പത്തിക വർഷത്തിൽ പുതുക്കിയ നിരക്കിൽ ലഭിക്കുന്ന റവന്യൂ റസീറ്റ്സ് എത്ര കോടിയായിരിക്കും ; 2014-15-ൽ പ്രതീക്ഷിക്കുന്നതിനേക്കാൾ എത്ര ശതമാനം 2015-16-ൽ പ്രതീക്ഷിക്കാമെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly